**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 715 04.03.2020-ൽ മറുപടിക്ക്**

# നോട്ടറി നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ ഖാദർ | ശ്രീ. എ.കെ. ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | | |
| --- | --- | --- |
| (എ) | നോട്ടറി നിയമനം യഥാസമയം പുതുക്കുന്നതിനായി പാലിക്കേണ്ട വ്യവസ്ഥകൾ വിശദീകരിക്കാമോ; | 1956-ലെ നോട്ടറി ചട്ടങ്ങളിലെ ചട്ടം 8 (ബി) പ്രകാരമാണ് നോട്ടറി നിയമനം പുതുക്കി നൽകുന്നത്. പ്രസ്തുത ചട്ട പ്രകാരം നിലവിൽ നോട്ടറിയായി സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് ലഭിച്ചിട്ടുള്ള ഒരാളുടെ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് നിശ്ചിത ഫീസ് ഈടാക്കികൊണ്ട് അടുത്ത അഞ്ച് വർഷത്തേയ്ക്ക് കൂടി സർക്കാരിന് പുതുക്കി നൽകാവുന്നതാണ്. ആയതിന് നിലവിലുള്ള സർട്ടിഫിക്കറ്റിന്റെ കാലാവധി തീരുന്നതിന് 6 മാസം മുൻപ് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. നിലവിൽ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് പുതുക്കുന്നതിനുള്ള ഫീസ് 1000/- രൂപയാണ്. പ്രസ്തുത ഫീസ് "0070-01-800-95" എന്ന ശീർഷകത്തിൽ ട്രഷറി ചെലാൻ മുഖാന്തിരമാണ് ഒടുക്കേണ്ടത്. 05.11.2019-ൽ മേൽപ്പറഞ്ഞ ചട്ടം കേന്ദ്ര സർക്കാർ G.S.R 821 (E) നമ്പർ വിജ്ഞാപന പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും പുതുക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. സംസ്ഥാനത്ത് നിലവിൽ ഓൺലൈൻ പോർട്ടൽ ഇക്കാര്യത്തിന് ഇല്ലാത്ത സാഹചര്യത്തിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുള്ളതും പ്രസ്തുത സംവിധാനം നിലവിൽ വരുന്നതുവരെ ഭേദഗതിയ്ക്ക് മുൻപുണ്ടായിരുന്ന നടപടിക്രമം പാലിച്ച് പുതുക്കി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| (ബി) | ഇത് പുതുക്കാനുള്ള അപേക്ഷ യഥാസമയം നൽകാൻ കഴിയാതെ പോയവർക്ക് ആയത് പുതുക്കി നൽകുന്നതിന് സർക്കാർ അനുവാദം നൽകാറുണ്ടോ; ഇതിനായി പാലിക്കേണ്ട നടപടിക്രമങ്ങളും ഫീസിന്റെ ഘടനയും അറിയിക്കുമോ? | നോട്ടറി ചട്ടങ്ങളിലെ ചട്ടം 8 (ബി) ഭേദഗതി വരുത്തുന്നതിന് മുൻപ് ഇപ്രകാരമായിരുന്നു.<br>"**8B. Renewal of Certificate of Practice**.- The certificate of practice issued under sub-rule (4) of rule 8 may be renewed for a further period of five years on payment of prescribed fee. An application for renewal of Certificate of Practice shall be submitted to the appropriate Government before three months from the date of expiry of its period of validity:<br>Provided that the appropriate Government may, after considering the reasons stated in the application, relax the condition of submission of application for renewal of certificate of practice before the above specified period." എന്നാൽ ഭേദഗതി വരുത്തിയ ശേഷം ഉള്ള വ്യവസ്ഥ താഴെപ്പറയും പ്രകാരമാണ്.<br><br>"**8B. Renewal of Certificate of Practice**.- The certificate of practice issued under sub-rule (4) of rule 8 may be renewed for a further period of five years on payment of prescribed fee. An application for renewal of Certificate of Practice shall be submitted online in Form XVI to the appropriate Government before (six months) from the date of expiry of its period of validity:"<br>ഓൺലൈൻ പോർട്ടൽ സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഭേദഗതിയ്ക്ക് മുൻപുള്ള വ്യവസ്ഥയിലെ അധികാരം വിനിയോഗിച്ച്, പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകാൻ കഴിയാതെ പോയവർക്ക് മെറിറ്റ് പരിശോധിച്ച് പുതുക്കി നൽകുന്നതിന് സർക്കാർ അനുവാദം നൽകിവരുന്നുണ്ട്. പുതുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന തന്നെയാണ് ഇക്കാര്യത്തിലും പാലിക്കുന്നത്. |

സെക്ഷൻ ഓഫീസർ